Roll No. | | | | | |

# INDIAN SCHOOL SALALAH
## FIRST TERM EXAMINATION – SEPTEMBER 2026

## MALAYALAM- S L (012)

**Class : IX** — **DATE: 22-09-2026**

**Time : 3HRS** — **Maximum Marks: 80**

---

**This question paper is divided in to Four sections**

**Section – A : Reading comprehension - 15 Marks**

**Section – B : Creative Writing - 14 Marks**

**Section – C : Grammar - 15 Marks**

**Section – D : Literature ( Prose & Poetry) - 36 Marks**

## എ വിഭാഗം / SECTION A

**1. തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .**

**( ഓരോന്നിനും ഓരോ മാർക്ക് വീതം )** **( 8X1 =8 )**

നാട്ടിലേക്ക് മടങ്ങിയത് ആഹ്ലാദത്തോടുകൂടിയാണ്. പ്രകൃതിഭംഗിയുടെ ആരാധകനായ ചങ്ങമ്പുഴ കൃഷ്ണപിള്ള പൂനെയിലെ മിലിട്ടറി അന്തരീക്ഷത്തിൻറെ വിരസതയിലിരുന്നുകൊണ്ട് എപ്പോഴും കേരളത്തിൻറെ വയലുകളും മലകളും കാടുകളും സസ്യതഴപ്പുറ്റ നാട്ടിൻപുറങ്ങളും നെടുവീർപ്പോടെ സ്വപ്നം കണ്ടിരുന്നു. ആ സ്വപ്നലോകത്തിലേക്കാണ് താൻ മടങ്ങുന്നത്. അതു മാത്രമോ അവിടെ സ്നേഹം തുടിക്കുന്ന ഹൃദയങ്ങളുണ്ട്. കൂടാതെ അമ്മയും ഭാര്യയും കൊച്ചുമോനും അടങ്ങുന്ന കുടുംബം തനിക്കുവേണ്ടി കാത്തിരിക്കുന്നു. തൻറെ സ്നേഹം നുകരാനും, സാമ്പ

ത്തികമായ ബുദ്ധിമുട്ടുകളിൽ നിന്നുള്ള മോചനം ആശ്വാസപൂർവ്വം പ്രതീക്ഷിച്ചു കൊണ്ടും, അവരാകട്ടെ അക്ഷയമായ സ്നേഹത്താൽ തന്നെ എപ്പോഴും ചാരിതാർ ഥനാക്കുകയും ചെയ്യുന്നു. തൻറെ ബലഹീനതകൾ പോലും വിസ്മരിച്ചുകൊണ്ട് അവർ വർഷിക്കുന്ന സ്നേഹം ആത്മാവിൽ പുളകം ചാർത്തുന്നു. തീവണ്ടിയാത്ര യിലെ ഏറ്റവും ഹൃദ്യമായ അനുഭവം കേരളത്തിൻറെ അതിർത്തി കടക്കുമ്പോൾ പ്രത്യക്ഷപ്പെടുന്ന കേരളീയ പ്രകൃതിയുടെ കവിൾത്തുടിപ്പ് നുകരുന്നതിലുള്ള സുഖ മാണെന്നും കവി എപ്പോഴും പറയുമായിരുന്നു.

<u>ചോദ്യങ്ങൾ</u>

(a). തീവണ്ടിയാത്രയിലെ ഏറ്റവും ഹൃദ്യമായ അനുഭവം എന്തായിരുന്നുവെന്നാണ് കവി പറയുന്നത് ?

(b). ഗദ്യഭാഗത്ത് പരാമർശിക്കുന്ന കവി ആരാണ് ?

(c). കവി നെടുവീർപ്പോടെ സ്വപ്നം കണ്ടിരുന്നത് എന്തെല്ലാമാണ് ?

(d). അവിടെ സ്നേഹം തുടിക്കുന്ന ഹൃദയങ്ങളുണ്ട് എന്നു പറയുന്നത് ആരെ യൊക്കെക്കുറിച്ചാണ് ?

(e). കവിയുടെ ആത്മാവിൽ പുളകം ചാർത്തുന്നതെന്താണ് ?

(f). കവിയെ ചാരിതാർഥനാക്കുന്നതെന്താണ് ?

(g). കവി നാട്ടിലേക്കു മടങ്ങിയത് എങ്ങനെയാണ് ?

(h). കവി എവിടെയിരുന്നുകൊണ്ടാണ് സ്വപ്നം കണ്ടിരുന്നത് ? **( P T O )**

2. തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .
( ഓരോന്നിനും ഓരോ മാർക്ക് വീതം ) ( 7X1 =7 )

ചരിത്രാതീതകാലം മുതൽക്കേ മനുഷ്യൻ സഞ്ചാരപ്രിയനാണ്. രാജ്യസഞ്ചാരം കൊണ്ടുണ്ടാകുന്ന പ്രായോഗികജ്ഞാനം സവിശേഷമായ ഒന്നാണെന്നതിൽ സംശയ മില്ല. ഇത് സാഹിത്യകാരൻമാരെ സംബന്ധിച്ചിടത്തോളം വിലപിടിച്ചതാണ്. ഭാവന, സൂക്ഷ്മനിരീക്ഷണ പാടവം , ചരിത്രജ്ഞാനം , ചടുലഭാഷണസാമർഥ്യം ഇവയെല്ലാം ഒരു സഞ്ചാരസാഹിത്യകാരന് അവശ്യം വേണ്ടതാണ്. താൻ സഞ്ചരിക്കുന്ന രാജ്യങ്ങ ളിലെ ജനങ്ങളെയും അവരുടെ ജീവിതത്തെയും സ്വന്തം ജീവിതാനുഭൂതികളുമായി സംയോജിപ്പിച്ച് വർണ്ണിക്കുമ്പോൾ തൻറെ കൂടെ യാത്ര ചെയ്ത പ്രതീതി അനുവാച കനിൽ ഉളവാക്കാൻ കഴിയണം . അപ്പോഴാണ് സഞ്ചാരസാഹിത്യകാരൻ ശരിക്കും വിജയിക്കുന്നത്. തികച്ചും സാധാരണ കാര്യങ്ങൾ പറയുമ്പോൾ പോലും ഉണ്ടാകുന്ന നാടകീയതയാണ് മറ്റൊരു ഘടകം. ലോകപര്യടന കൌതുകം ദിവ്യമായ ഒരു വിനോ ദമായി കരുതിയിരുന്ന എസ് കെ പൊറ്റക്കാട്ടിനെപ്പോലെ വിപുലമായ തോതിൽ സഞ്ചാരം നടത്തുകയും ഇത്രയേറെ മികച്ച യാത്രാവിവരണഗ്രന്ഥങ്ങൾ എഴുതുകയും ചെയ്ത എഴുത്തുകാർ ഭാരതത്തിൽത്തന്നെ കുറവായിരിക്കും. യാത്രാനുഭവങ്ങൾ കാവ്യരചനയ്ക്കും കഥാസൃഷ്ടിക്കും കൂടി പ്രയോജനപ്പെടുത്തിയ സഞ്ചാരിയും വേറെയുണ്ടോ എന്ന് സംശയമാണ്. മലയാളത്തിലെ സഞ്ചാരസാഹിത്യത്തിൻറെ ചരിത്രം ആരംഭിക്കുന്നത് വർത്തമാനപ്പുസ്തകം അഥവാ റോമായാത്ര എന്ന കൃതി യിൽ നിന്നാണ്. ഇതിൻറെ രചനാകാലത്തെപ്പറ്റി ഭിന്നാഭിപ്രായങ്ങളുണ്ട്. പാറേമ്മാ ക്കൽ തോമാകത്തനാരാണ് വർത്തമാനപ്പുസ്തകത്തിൻറെ കർത്താവ്. **( P T O )**

പൊറ്റക്കാട്ടിൻറെ സഞ്ചാര സാഹിത്യ കൃതികളാണ് മലയാളത്തിലെ യാത്രാവിവരണ ശാഖയ്ക്കു ലബ്ധപ്രതിഷ്ഠ നേടിക്കൊടുത്തത്. എന്തും ഏതും അറിയാൻ കണ്ണുകൾ തുറന്നു വച്ച സ്നേഹഗായകനായ ആ നാടൻ മനുഷ്യനോടൊപ്പം ചെയ്ത യാത്ര എൻറെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട അനുഭവമാണ് എന്ന് പ്രശസ്ത നോവലിസ്റ്റായ പുനത്തിൽ കുഞ്ഞബ്ദുള്ള, പൊറ്റക്കാട്ടിനെ അനുസ്മരിക്കുന്നു. ആദ്യം ഇന്ത്യയിൽ പിന്നെ മലയ , സിംഗപ്പൂർ , ആഫ്രിക്ക , യൂറോപ്പ് തുടങ്ങിയ സ്ഥലങ്ങൾ അദ്ദേഹം സഞ്ചരിച്ചു. മിക്ക യാത്രകളും സാഹസിക പര്യടനങ്ങളായിരുന്നു. എല്ലാം സഹജമായ കഥാകഥന വൈഭവത്തോടെ അദ്ദേഹം വിവരിക്കുന്നു. വികാരത്തിന് അടിമപ്പെടാതെ ആത്മാർഥവും വസ്തുനിഷ്ഠവുമായി കണ്ട കാര്യങ്ങൾ വിലയിരുത്താൻ കഴിയുന്നു എന്നതാണ് അദ്ദേഹത്തിൻറെ മറ്റൊരു പ്രത്യേകത.

<u>ചോദ്യങ്ങൾ</u>

(a). സഞ്ചാരസാഹിത്യകാരൻ എപ്പോഴാണ് ശരിക്കും വിജയിക്കുന്നത് ?

(b). വർത്തമാനപ്പുസ്തകം ആരുടെ കൃതിയാണ് ?

(c). ഒരു സാഹിത്യകാരന് അവശ്യം വേണ്ടതെന്ത് ?

(d). തൻറെ യാത്രാനുഭവങ്ങൾ എസ് കെ പൊറ്റക്കാട്ട് ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രയോജനപ്പെടുത്തിയത് ?

(e). പ്രശസ്ത നോവലിസ്റ്റായ പുനത്തിൽ കുഞ്ഞബ്ദുള്ള എസ് കെ പൊറ്റക്കാട്ടിനെക്കുറിച്ച് എന്താണ് അനുസ്മരിക്കുന്നത് ?

(f). എസ് കെ പൊറ്റക്കാട്ടിൻറെ മിക്ക യാത്രകളും എങ്ങനെയുള്ളതായിരുന്നു ?

(g). എസ് കെ പൊറ്റക്കാട്ടിൻറെ മറ്റൊരു പ്രത്യേകതയായി പറയുന്നത് എന്ത് ?

## ബി വിഭാഗം / SECTION B

**3.** (a). **താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക .** **5**

(i). ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യവിപത്ത്

(ii). പ്രകൃതി ദുരന്തങ്ങളും കേരളവും

(b). കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും കൃഷി പൂർണ്ണമായി നശിച്ച കർഷ കർക്ക് അടിയന്തിര സാമ്പത്തിക സഹായവും വിത്തുകളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൃഷി ഓഫീസർക്ക് കത്തെഴുതുക **5**

(c). നിരാലംബനായ ഒരു സഹപാഠിയുടെ ചികിത്സയ്ക്കായി സ്കൂൾ ലീഡറുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ഒരു ലക്ഷം രൂപ സമാ ഹരിച്ച് നൽകിയ കാരുണ്യപ്രവർത്തിയെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക. **4**

## സി വിഭാഗം / SECTION C

**4. (a).** പ്രയോഗം മാറ്റുക. **(2X1=2)**

(i). വൃദ്ധ കണ്ണുകൾ മിഴിച്ചു ചുറ്റും നോക്കി.

(ii). അഹിംസാധർമ്മത്തിനു ബുദ്ധനാൽ മുഖ്യത കല്പിക്കപ്പെട്ടു.

**(b). അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** **(2X1=2)**

(i). വാടകവീട്ടിൽ തനിച്ചാക്കിപ്പോകുവാൻ താൽപര്യമില്ലാത്തതിനാൽ അമ്മയെന്നെ തീയേറ്ററിലേക്കു കൊണ്ടുവരുന്നത് പതിവായിരുന്നു. **( P T O )**

(ii). ഡോക്ടറുടെ മുന്നിലേക്ക് താങ്ങിയെടുത്തുകൊണ്ടാണ് അയാൾ ആ വൃദ്ധയെ കൊണ്ടുചെന്നത്.

**(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2X1=2)**

(i). ആ ആൾക്കാരില്ലാത്ത വിജനസ്ഥലത്ത് ചെറുപ്പക്കാരും വൃദ്ധരും കുട്ടികളും ഉൾപ്പെടെ വലിയൊരു ജനക്കൂട്ടം വന്നുചേർന്നു.

(ii). പാട്ടുപാടുന്നതിനിടയ്ക്ക് പെട്ടെന്ന് ശബ്ദമിടറുകയോ അതൊരു മന്ത്രണമായി പിറുപിറുപ്പായി പരിണമിക്കുകയോ ചെയ്യും.

**(d ). ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **(2X1=2)**

(i). പരിഹസിക്കുക (ii). പാലിക്കുക (iii). ശുശ്രൂഷിക്കുക

**5. തന്നിരിക്കുന്ന ഏഴെണ്ണത്തിനും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** **(7X1=7)**

**( ഓരോന്നിനും ഓരോ മാർക്ക് വീതം )**

**(a).** "സമീപം" എന്ന വാക്കിൻറെ വിപരീതപദം ഏത് ?

( അടുത്ത് , വിദൂരം , ചാരെ , സ്വദേശം )

**(b).** "തളിര്" - ഈ പദത്തിൻറെ ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക

( പല്ലവം , കുസുമം , ചില്ല , പ്രവാളം )

**(c).** "സഹോദരൻ" എന്ന വാക്ക് ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ ?

( സ + ഉദരൻ , സഹോ + ഉദരൻ , സഹോ + ദരൻ , സഹ + ഉദരൻ )

**(d).** “തണ്ട്” - എന്ന വാക്കിൻറെ നാനാർഥ പദങ്ങൾ ഏതെല്ലാം ?

( ശരീരം , പല്ലക്ക് , അഹങ്കാരം , മുഖസ്തുതി )

**(e).** “വാരം - വരം” ഇവയുടെ അർഥവ്യത്യാസം വ്യക്തമാക്കുക

( ഗുണം - ആഴ്ച , അനുഗ്രഹം - ആഴ്ച , ആഴ്ച - അനുഗ്രഹം ,

മാസം - അനുഗ്രഹം )

**(f).** “ദേശകാലങ്ങൾ” - എന്ന വാക്ക് ശരിയായി വിഗ്രഹിക്കുന്നതെങ്ങനെ ?

( ദേശത്തിൻറെ കാലങ്ങൾ , ദേശമെന്ന കാലം , ദേശമാകുന്ന കാലം ,

ദേശവും കാലവും )

**(g).** “കവി” - എന്ന വാക്കിൻറെ എതിർലിംഗം ഏതാണ് ?

( കവിയിത്രി , കവയിത്രി , കവിയത്രി , കവയത്രി )

## ഡി വിഭാഗം / SECTION D

**6. തന്നിരിക്കുന്ന ഒൻപതെണ്ണത്തിനും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.**

**( ഓരോന്നിനും 2 മാർക്ക് വീതം )** **( 9X2=18 )**

**(a).** (i). “ചോരച്ചെന്തളിരഞ്ചുമരുണാംശു

പൂരത്താൽ മേനി മൂടി”- ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

( ആനന്ദ ഭിക്ഷു , ഉപഗുപ്തൻ , കുമാരനാശാൻ , മാതംഗി )

(ii). ഏതു കൃതിയിൽ നിന്നെടുത്തതാണ് ഈ വരികൾ ?

( കരുണ , ചണ്ഡാലഭിക്ഷുകി , നളിനി , ലീല ) **( P T O )**

**(b)**. "വാങ്ങീ ഞാനതിനച്ചാരം"

(i). ആരാണ് അച്ചാരം വാങ്ങിയത് ?

( ഉടമസ്ഥൻ , കവി , ദേവന്മാർ , കിളികൾ )

(ii). എന്തിനാണ് അച്ചാരം വാങ്ങിയത് ?

( മാവ് സംരക്ഷിക്കാൻ , കിളികളെ ഓടിക്കാൻ , മാവു മുറിക്കാൻ ,

മാങ്ങകൾ പറിക്കാൻ )

**(c)**. (i). "എന്തുപറ്റി അമ്മേ" - ആരാണിങ്ങനെ ചോദിച്ചത് ?

( പോലീസുകാരൻ , ടാക്സിക്കാരൻ , പാൽക്കാരൻ , ഡോക്ടർ)

(ii). 'അമ്മേ' എന്ന വിളി കേട്ടപ്പോൾ വൃദ്ധയ്ക്ക് എന്താണ് അനുഭവപ്പെട്ടത് ?

( ദേഷ്യം തോന്നി , കുറച്ചു ശക്തി വീണ്ടുകിട്ടിയപോലെ അനുഭവപ്പെട്ടു ,

കണ്ണുകൾ നിറഞ്ഞു , മരവിപ്പ് അനുഭവപ്പെട്ടു )

**(d).** (i). "നടീനടന്മാർക്ക് അൽഡർഷോട്ട് പ്രദർശനവാരം ഒരു ഭീകരാനുഭവകാല

മായിരുന്നു" - കാരണമെന്ത് ?

( തീയേറ്റർ ദൂരെ സ്ഥലത്തായിരുന്നു , കാണികൾ ഇല്ലായിരുന്നു ,

നടീ നടന്മാരെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്യുമായിരുന്നു ,

തീയേറ്റർ ഇടിഞ്ഞു പൊളിഞ്ഞ അവസ്ഥയിലായിരുന്നു )

(ii). തീയേറ്ററിലെ കാണികളിൽ കൂടുതലും ആരായിരുന്നു ?

( സൈനികർ , പോലീസുകാർ , ഉന്നത ഉദ്യോഗസ്ഥർ , സാധാരണക്കാർ )

**(e)**. (i). ശ്രീനാരായണഗുരുവിൻറെ വിശകലനപ്രകാരം ഇന്നത്തെ ഇന്ത്യയുടെ ഏറ്റവും വലിയ ആവശ്യം എന്താണ് ?

( സാമ്പത്തിക പുരോഗതി , പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുക , ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മത്സരത്തിൽ നിന്നുള്ള മോചനം , വിദേശാധിപത്യത്തിൽ നിന്നുള്ള മോചനം )

(ii). ശ്രീനാരായണഗുരു അരുവിപ്പുറം സന്ദേശം ലോകത്തിന് നൽകിയ വർഷം ഏതാണ് ?

( 1889 , 1888 , 1878 , 1898 )

**(f).** "ഭീതിവേണ്ടാ തരികതെനിക്കു നീ"

(i). ആർക്കാണ് ഭീതി ഉണ്ടായത് ?

( മാതംഗിക്ക് , ഭിക്ഷുവിന് , ആശാന് , ചാമർനായകന് )

(ii). എന്താണ് ഭീതി കൂടാതെ തരാൻ ആവശ്യപ്പെട്ടത് ?

( നെല്ല് , ഭക്ഷണം , ജലം , പൂവ് )

**(g).** "എൻറെ താളം കണ്ടുകിട്ടുന്നതുവരെ വെറുതെ മൂളിക്കൊണ്ടിരുന്ന സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ഞാൻ പാടാൻ തുടങ്ങി".

(i). ഏതു ഗാനമായിരുന്നു കൊച്ചു ചാർളി വേദിയിൽ ആലപിച്ചത് ?

( ജാക്ക് ജോൺസ് , ഐറിഷ് മാർച്ച് , ഹോം സ്വീറ്റ് ഹോം , ബീറ്റ് ഇറ്റ് )

(ii). ഗാനം പാതിയായപ്പോൾ ചാർളി പാട്ടു നിർത്താൻ കാരണമെന്ത് ?

( വരികൾ മറന്നുപോയതുകൊണ്ട് , പേടി തോന്നിയതുകൊണ്ട് , ദാഹിച്ചതു കൊണ്ട് , സ്റ്റേജിലേക്ക് കാണികൾ എറിഞ്ഞ പണം പെറുക്കിയെടുക്കാൻ )

**(h).** (i). ബുദ്ധഭിക്ഷുവായ ആനന്ദൻ ദാഹജലം ചോദിച്ചപ്പോൾ മാതംഗിക്കുണ്ടായ ഭാവമെന്തായിരുന്നു ?

( ദയ , സ്നേഹം , അമ്പരപ്പ് , ദേഷ്യം )

(ii). കുമാരനാശാൻറേതല്ലാത്ത കൃതിയേത് ?

( കരുണ , ചിത്രയോഗം , വീണപൂവ് , നളിനി )

**(i)**. "കുരുത്തനാൾ തൊട്ടിന്നോളം തല

കുനിച്ചിടാത്തോനീ വൃദ്ധൻ"

(i). വൃദ്ധൻ എന്നു വിശേഷിപ്പിച്ചിരിക്കുന്നതാരെയാണ് ?

( മാവിനെ , ഉടമസ്ഥനെ , ദേവനെ , കുളിർകാറ്റിനെ )

(ii). കൂറ്റൻമഴുവിൻറെ പ്രഹരമേൽക്കുമ്പോൾ കുലുങ്ങുന്നത് എന്താണ് ?

( പക്ഷികൾ , ഭൂചക്രം , പുളിമാവ് , ബംഗ്ലാവ് )

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.**

**( ഓരോന്നിനും 3 മാർക്ക് വീതം )** **(3 X3=9 )**

(i). ചാപ്ലിൻറെ ബാല്യകാലത്തെ അരക്ഷിതാവസ്ഥയുടെ കാരണങ്ങൾ എന്തെല്ലാമായിരുന്നു ?

(ii). “ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്” - ആശയം വ്യക്തമാക്കുക?

(iii). "മറ്റുള്ളവരെപ്പോലെ ഇവരും ദൈവത്തിൻറെ മക്കളാണ്"-

ഗുരു ഇങ്ങനെ പറയാനിടയാക്കിയ സാഹചര്യം എന്ത്?

(iv). “എൻറെ അമ്മയാണെങ്കിൽ ഈ വയ്യാത്ത കാലത്തു പച്ചക്കറി വാങ്ങാൻ

ഞാനവരെ പുറത്തേക്കയയ്ക്കുകയില്ല”. സന്ദർഭം , ആശയം വ്യക്തമാക്കുക

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.**

**( ഓരോന്നിനും 3 മാർക്ക് വീതം )** **( 3X3=9 )**

(i). പുളിമാവു വെട്ടിയപ്പോൾ പ്രകൃതിയിലുണ്ടായ പ്രതികരണങ്ങളെ കവി

ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയാണ് ?

(ii). “ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ” - സന്ദർഭം , ആശയം വ്യക്തമാക്കുക.

(iii). “പച്ചത്തണലും കൊത്തിയെടുത്തി-

ട്ടകലെപ്പാറിൻ പറവകളേ!

പട്ടയമാരും തന്നീലല്ലോ

നിങ്ങൾക്കിവിടെക്കുടിപാർക്കാൻ” - ആശയം വ്യക്തമാക്കുക

**( P T O )**

(iv). “പുണ്യശാലിനീ, നീ പകർന്നീടുമി-

ത്തണ്ണീർ തന്നുടെയോരോരോ തുള്ളിയും

അന്തമറ്റ സുകൃതഹാരങ്ങൾ നി-

ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം” - ആശയം വ്യക്തമാക്കുക

****************************************************